## CHAPTER 7

# INDIAN ECONOMY: GROWTH AND TRANSFORMATION
# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ: വളർച്ചയും പരിവർത്തനവും

---

## Economic Growth vs. Economic Development

- **Economic Growth:** A quantitative increase in a country's production. It is measured by the increase in the Gross Domestic Product (GDP).
- **Economic Development:** A qualitative change. It is economic growth plus improvements in the quality of life, such as better health, education, and equality.

- **സാമ്പത്തിക വളർച്ച:** ഉല്പാദനത്തിലുണ്ടാകുന്ന പരിമാണപരമായ (എണ്ണത്തിലുള്ള) വർദ്ധനവാണ് ഇത്. ജി.ഡി.പി (GDP) വർദ്ധിക്കുന്നത് ഇതിന്റെ സൂചകമാണ്.
- **സാമ്പത്തിക വികസനം:** ഇതൊരു ഗുണപരമായ മാറ്റമാണ്. സാമ്പത്തിക വളർച്ചയോടൊപ്പം ജനങ്ങളുടെ ജീവിതനിലവാരത്തിൽ (ആരോഗ്യം, വിദ്യാഭ്യാസം, തുല്യത) ഉണ്ടാകുന്ന പുരോഗതിയാണിത്.

**Gross Domestic Product (GDP):** The total money value of all final goods and services produced within a country in a year.

**മൊത്ത ആഭ്യന്തര ഉല്പാദനം (GDP):** ഒരു വർഷം രാജ്യത്തിനകത്ത് ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ആകെ പണമൂല്യം.

## Per Capita Income (PCI) - പ്രതിശീർഷ വരുമാനം

- Per Capita Income is the average income of an individual in a country. It is used to evaluate the economic growth and living standards of people over different periods.

ഒരു രാജ്യത്തെ വ്യക്തികളുടെ ശരാശരി വരുമാനത്തെയാണ് പ്രതിശീർഷ വരുമാനം എന്ന് വിളിക്കുന്നത്. ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയും ജനങ്ങളുടെ ജീവിതനിലവാരവും വിലയിരുത്താൻ ഇത് ഉപയോഗിക്കുന്നു.

- PCI is calculated by dividing the total National Income of a country by its total population.

ഒരു രാജ്യത്തെ ആകെ ദേശീയ വരുമാനത്തെ ആകെ ജനസംഖ്യ കൊണ്ട് ഹരിക്കുമ്പോൾ ലഭിക്കുന്ന തുകയാണ് പ്രതിശീർഷ വരുമാനം.

**Formula:**

$$PCI = \frac{\text{National Income}}{\text{Total Population}}$$

- The World Development Report by the World Bank classifies economies into four categories based on their PCI (in US Dollars):

1. **Low Income:** Less than $1,145 (e.g., Afghanistan, Ethiopia).
2. **Lower Middle Income:** $1,146 to $4,515 (**India**, Bangladesh).
3. **Upper Middle Income:** $4,516 to $14,005 (China, Brazil).
4. **High Income:** Above $14,006 (USA, Japan).

പ്രതിശീർഷ വരുമാനത്തിന്റെ (യു.എസ് ഡോളറിൽ) അടിസ്ഥാനത്തിൽ ലോകബാങ്ക് രാജ്യങ്ങളെ നാലായി തരംതിരിക്കുന്നു:

OXFORD

1. **കുറഞ്ഞ വരുമാനമുള്ളവ:** 1,145 ഡോളറിൽ താഴെ.
2. **താഴ്ന്ന ഇടത്തരം വരുമാനമുള്ളവ:** 1,146 - 4,515 ഡോളർ വരെ (**ഇന്ത്യ** ഈ വിഭാഗത്തിലാണ്).
3. **ഉയർന്ന ഇടത്തരം വരുമാനമുള്ളവ:** 4,516 - 14,005 ഡോളർ വരെ.
4. **ഉയർന്ന വരുമാനമുള്ളവ:** 14,006 ഡോളറിന് മുകളിൽ.

## Shortcomings/Limitations (പരിമിതികൾ)

While PCI is a major indicator of growth, it has some drawbacks:

- **Average Only:** It shows only the average. It does not reflect the actual distribution of wealth. Even if PCI is high, a large gap may exist between the rich and the poor (Economic Inequality).
- **Quality of Life:** It does not include factors like health, education, or environmental quality.
- **National Income Limits:** Since PCI depends on National Income, any errors in calculating National Income will affect PCI as well.

സാമ്പത്തിക വളർച്ചയുടെ സൂചകമാണെങ്കിലും ഇതിന് ചില പരിമിതികളുണ്ട്:

- **ശരാശരി മാത്രം:** ഇത് ഒരു ശരാശരി വരുമാനം മാത്രമാണ്. സമ്പത്തിന്റെ വിതരണത്തിലുള്ള അസമത്വം (പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള വ്യത്യാസം) ഇത് കാണിക്കുന്നില്ല.
- **ജീവിത നിലവാരം:** ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ ജീവിത നിലവാരത്തെ ബാധിക്കുന്ന കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല.
- **ദേശീയ വരുമാനത്തിലെ പരിമിതികൾ:** ദേശീയ വരുമാനം കണക്കാക്കുന്നതിലെ പോരായ്മകൾ പ്രതിശീർഷ വരുമാനത്തെയും ബാധിക്കുന്നു.

# PCI vs. Personal Income (PI)

There is always a difference between Per Capita Income and Personal Income. Personal Income is the actual total income earned by an individual from various sources, whereas PCI is just a mathematical average.

പ്രതിശീർഷ വരുമാനവും വ്യക്തിഗത വരുമാനവും (Personal Income) തമ്മിൽ എപ്പോഴും വ്യത്യാസമുണ്ടാകും. ഒരു വ്യക്തിക്ക് വിവിധ മാർഗങ്ങളിൽ നിന്ന് യഥാർത്ഥത്തിൽ ലഭിക്കുന്ന ആകെ വരുമാനമാണ് വ്യക്തിഗത വരുമാനം. എന്നാൽ പ്രതിശീർഷ വരുമാനം എന്നത് കേവലം ഒരു കണക്കിലെ ശരാശരി മാത്രമാണ്.

## Human Development Index (HDI) | മാനവ വികസന സൂചിക

- The Human Development Index (HDI) is a tool developed by the United Nations Development Programme (UNDP) to measure a country's economic development. Since 1990, the UNDP has used this index to classify countries based on their level of human development.

  രാജ്യങ്ങളുടെ സാമ്പത്തിക വികസനം അളക്കുന്നതിനായി ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള യു.എൻ.ഡി.പി (UNDP) തയ്യാറാക്കുന്ന സൂചികയാണിത്. 1990 മുതൽ മാനവ വികസനത്തിന്റെ അടിസ്ഥാനത്തിൽ രാജ്യങ്ങളെ തരംതിരിക്കാൻ ഈ സൂചിക ഉപയോഗിക്കുന്നു.

- The HDI is calculated based on three key dimensions of human life:

- **A Long and Healthy Life (ആരോഗ്യപൂർണ്ണമായ ജീവിതം):** Measured by **Life expectancy at birth**.
- **Knowledge (അറിവ്):** Measured by **Expected years of schooling** and **Mean years of schooling**.
- **A Decent Standard of Living (മെച്ചപ്പെട്ട ജീവിതനിലവാരം):** Measured by **GNI per capita (PPP $)**.

The HDI value is calculated as an average of these factors and ranges between **zero and one**. Based on this, countries are divided into four groups:

- **Very High Human Development:** Above 0.800
- **High Human Development:** 0.700 – 0.799

- **Medium Human Development:** 0.550 – 0.699
- **Low Human Development:** Below 0.550

India's HDI value has improved over the years. According to the 2023 report, India is ranked **130th** out of 193 countries with a value of **0.685**, placing it in the **Medium Human Development** category.

വർഷങ്ങളായി ഇന്ത്യയുടെ എച്ച്.ഡി.ഐ മൂല്യം മെച്ചപ്പെട്ടുവരുന്നു. 2023-ലെ റിപ്പോർട്ട് പ്രകാരം 193 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം **130** ആണ്. ഇന്ത്യയുടെ എച്ച്.ഡി.ഐ മൂല്യം **0.685** ആണ്. ഇത് ഇന്ത്യയെ **ഇടത്തരം മാനവ വികസന** വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു.

## Physical Quality of Life Index (PQLI) ഭൗതിക ജീവിത ഗുണനിലവാര സൂചിക

Developed by economist **Morris David Morris** in 1979, this index focuses purely on social well-being rather than monetary income.

- **Indicators:** It is the average of three indicators:
    1. **Basic Literacy Rate:** Percentage of people who can read and write.
    2. **Infant Mortality Rate (IMR):** Number of infant deaths per 1,000 live births.
    3. **Life Expectancy at Age One:** The average number of years a person is expected to live after reaching age one.
- **Limitation:** The main drawback of PQLI is that it **does not consider income** or economic factors.

1979-ൽ സാമ്പത്തിക ശാസ്ത്രജ്ഞനായ **മോറിസ് ഡേവിഡ് മോറിസ്** വികസിപ്പിച്ചെടുത്ത സൂചികയാണിത്. വരുമാനത്തേക്കാൾ ഉപരിയായി സാമൂഹികക്ഷേമത്തിനാണ് ഇത് മുൻഗണന നൽകുന്നത്.

- **സൂചകങ്ങൾ:** മൂന്ന് കാര്യങ്ങളുടെ ശരാശരിയാണിത്:
    1. **അടിസ്ഥാന സാക്ഷരത:** എഴുതാനും വായിക്കാനും അറിയാവുന്നവരുടെ ശതമാനം.
    2. **ശിശുമരണ നിരക്ക്:** ആയിരം ജീവനുള്ള ജനനങ്ങളിൽ ഒരു വയസ്സിന് താഴെ മരിക്കുന്ന കുട്ടികളുടെ എണ്ണം.
    3. **ആയുർദൈർഘ്യം:** ഒരു വ്യക്തി ജീവിക്കാനിടയുള്ള ശരാശരി വർഷങ്ങൾ.
- **പരിമിതി:** ഈ സൂചിക തയ്യാറാക്കുമ്പോൾ വ്യക്തികളുടെ **വരുമാനം പരിഗണിക്കുന്നില്ല** എന്നതാണ് ഇതിന്റെ പ്രധാന പോരായ്മ.

## Sustainable Development Goals Index (SDGI) / സുസ്ഥിര വികസന ലക്ഷ്യ സൂചിക

- Adopted by the United Nations in 2015, the Sustainable Development Goals (SDGs) consist of 17 targets to be achieved by 2030. The SDGI assesses the progress made by countries and states toward these goals.

  ഇന്ത്യയിലെ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും വികസന പുരോഗതി കണക്കാക്കുന്നതിന് നീതി ആയോഗ് ഐക്യരാഷ്ട്ര സഭയുമായി സഹകരിച്ച് തയ്യാറാക്കുന്ന ഒരു സമഗ്ര വികസന സൂചികയാണ് സുസ്ഥിര വികസനലക്ഷ്യം - ഇന്ത്യസൂചിക (SDG India Index).

- In India, the Sustainable Development Goals Index is prepared by the NITI Aayog in collaboration with the United Nations to measure the development progress of states and union territories.

  2030-ഓടെ കൈവരിക്കേണ്ട 17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2015-ലാണ് ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ചത്. ഈ ലക്ഷ്യങ്ങൾ നേടുന്നതിലെ പുരോഗതി അളക്കുന്ന സമഗ്രമായ സൂചികയാണിത്.

**Scoring:** States are ranked on a scale of **0 to 100**.

- **0-49:** Aspirant കൂടുതൽ പരിശ്രമം ആവശ്യമുള്ളവ
- **50-64:** Performer മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർ
- **65-99:** Front Runner ലക്ഷ്യങ്ങളിലേയ്ക്ക് വേഗത്തിൽ മുന്നേറുന്നവർ
- **100:** Achiever ലക്ഷ്യം പൂർണ്ണമായി കൈവരിച്ചവർ

OXFORD

## Classification of the 17 Sustainable Development Goals 17 സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ തരംതിരിവ്

### A. Social Goals (സാമൂഹിക ലക്ഷ്യങ്ങൾ)

Focus on human well-being, equality, and basic needs.

1. **SDG 1: No Poverty** (ദാരിദ്ര്യ നിർമ്മാർജ്ജനം)
2. **SDG 2: Zero Hunger** (പട്ടിണി ഇല്ലാതാക്കുക)
3. **SDG 3: Good Health and Well-being** (ആരോഗ്യവും ക്ഷേമവും)
4. **SDG 4: Quality Education** (ഗുണമേന്മയുള്ള വിദ്യാഭ്യാസം)
5. **SDG 5: Gender Equality** (ലിംഗസമത്വം)
6. **SDG 6: Clean Water and Sanitation** (ശുദ്ധജലവും ശുചിത്വവും)
7. **SDG 10: Reduced Inequalities** (അസമത്വങ്ങൾ കുറയ്ക്കുക)
8. **SDG 11: Sustainable Cities and Communities** (സുസ്ഥിര നഗരങ്ങളും സമൂഹങ്ങളും)
9. **SDG 16: Peace, Justice, and Strong Institutions** (സമാധാനവും നീതിയും ശക്തമായ സ്ഥാപനങ്ങളും)
10. **SDG 17: Partnerships for the Goals** (ലക്ഷ്യങ്ങൾക്കായി കൈകോർക്കാം)

### B. Economic Goals (സാമ്പത്തിക ലക്ഷ്യങ്ങൾ)

Focus on growth, energy, and infrastructure.

11. **SDG 7: Affordable and Clean Energy** (കുറഞ്ഞ ചിലവിൽ ശുദ്ധമായ ഊർജ്ജം)

12. **SDG 8: Decent Work and Economic Growth** (മാന്യമായ ജോലിയും സാമ്പത്തിക വളർച്ചയും)

13. **SDG 9: Industry, Innovation, and Infrastructure** (വ്യവസായം, നവീകരണം, അടിസ്ഥാന സൗകര്യം)

14. **SDG 12: Responsible Consumption and Production** (ഉത്തരവാദിത്തപരമായ ഉപഭോഗവും ഉല്പാദനവും)

### C. Environmental Goals (പരിസ്ഥിതി ലക്ഷ്യങ്ങൾ)

Focus on protecting the planet and its ecosystems.

15. **SDG 13: Climate Action** (കാലാവസ്ഥാ സംരക്ഷണം)

16. **SDG 14: Life Below Water** (ജലത്തിനടിയിലെ ജീവൻ)

17. **SDG 15: Life on Land** (കരയിലെ ജീവൻ)

## Kerala Model of Development

- The "Kerala Model" refers to the state's ability to achieve high social development (standard of living) despite having a lower industrial growth compared to developed nations.
- **Key Features:**
    1. **High Literacy Rate:** Achieving near-total literacy through universal education.
    2. **Health Standards:** Low infant mortality rate (IMR) and high life expectancy.
    3. **Social Justice:** Ensuring the benefits of development reach all sections of society.

- **Reasons for Success:** Kerala achieved these feats through **land reforms**, a strong **public distribution system (PDS)**, universal access to **education and healthcare**, and active **public participation**.

## കേരള വികസന മാതൃക

- വികസിത രാജ്യങ്ങളുടേതിന് തുല്യമായ സാമൂഹിക വികസനം (ജീവിതനിലവാരം) കുറഞ്ഞ വരുമാനത്തിലും കൈവരിക്കാൻ കേരളത്തിന് സാധിച്ചതിനെയാണ് 'കേരള മോഡൽ' എന്ന് വിളിക്കുന്നത്.
- **പ്രധാന സവിശേഷതകൾ:**
    1. **ഉയർന്ന സാക്ഷരതാ നിരക്ക്:** എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കി.
    2. **ആരോഗ്യ രംഗത്തെ നേട്ടങ്ങൾ:** കുറഞ്ഞ ശിശുമരണ നിരക്കും ഉയർന്ന ആയുർദൈർഘ്യവും.
    3. **സാമൂഹിക നീതി:** വികസനത്തിന്റെ ഗുണങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിച്ചു.
- **വിജയത്തിന്റെ കാരണങ്ങൾ: ഭൂപരിഷ്കരണം**, ശക്തമായ **പൊതുവിതരണ സമ്പ്രദായം** (റേഷൻ കടകൾ), എല്ലാവർക്കും ലഭ്യമായ **വിദ്യാഭ്യാസ-ആരോഗ്യ സംവിധാനങ്ങൾ**, ജനകീയ പങ്കാളിത്തം എന്നിവയിലൂടെയാണ് കേരളം ഈ നേട്ടം കൈവരിച്ചത്.

## Nava Kerala Mission

**Origin:** Launched in **2016**, it is a comprehensive action plan for the holistic development of Kerala.

- **Objective:** To improve the quality of life by solving fundamental problems in health, housing, education, and the environment.
- **The Four Main Missions:**
    1. **Aardram Mission:** Aimed at modernizing the **health sector** and making government hospitals patient-friendly.
    2. **Life Mission:** Focused on providing **adequate housing** for all homeless and landless people.
    3. **Vidhyakiranam:** Aimed at improving the **education sector** by modernizing schools (High-tech classrooms).
    4. **Haritha Keralam:** Focused on **water conservation**, waste management, and promoting organic farming.
- **Nava Kerala Mission - 2:** Launched in **2021**, it includes the **Rebuild Kerala Initiative** to lead the state toward a knowledge economy and face second-generation development challenges.

### നവകേരള മിഷൻ

- **തുടക്കം:** കേരളത്തിന്റെ സമഗ്ര വികസനത്തിനായി **2016**-ൽ ആരംഭിച്ച കർമ്മപദ്ധതിയാണിത്.
- **ലക്ഷ്യം:** ആരോഗ്യം, ഭവനം, വിദ്യാഭ്യാസം, പരിസ്ഥിതി എന്നീ മേഖലകളിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിച്ച് ജീവിതനിലവാരം ഉയർത്തുക.
- **നാല് പ്രധാന മിഷനുകൾ:**
    1. **ആർദ്രം മിഷൻ: ആരോഗ്യ മേഖലയെ** നവീകരിക്കാനും സർക്കാർ ആശുപത്രികളെ ജനസൗഹൃദമാക്കാനും ലക്ഷ്യമിടുന്നു.
    2. **ലൈഫ് മിഷൻ:** ഭവനരഹിതരായ എല്ലാവർക്കും സുരക്ഷിതമായ **വീട്** ഉറപ്പാക്കുന്നു.
    3. **വിദ്യാകിരണം:** സ്കൂളുകൾ ഹൈടെക് ആക്കിക്കൊണ്ട് **വിദ്യാഭ്യാസ മേഖലയെ** ആധുനികവൽക്കരിക്കുന്നു.
    4. **ഹരിത കേരളം: ജലസംരക്ഷണം**, മാലിന്യ സംസ്കരണം, ജൈവകൃഷി എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.
- **നവകേരള മിഷൻ - 2: 2021** മുതൽ നടപ്പിലാക്കുന്നു. ഇതിൽ **റീബിൽഡ് കേരള ഇനിഷ്യേറ്റീവ്** (Rebuild Kerala Initiative) കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി മാറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

## Economic Planning (സാമ്പത്തിക ആസൂത്രണം)

Economic planning is the preparation made to achieve the main economic goals of a society by utilizing available resources effectively. After independence, India adopted a **Mixed Economy** and used planning as a scientific method to utilize human potential and diverse resources.

ലഭ്യമായ വിഭവങ്ങൾ പ്രയോജനപ്പെടുത്തി സമൂഹത്തിന്റെ പ്രധാന സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നടത്തുന്ന തയ്യാറെടുപ്പാണ് സാമ്പത്തിക ആസൂത്രണം. സ്വാതന്ത്ര്യാനന്തരം ഇന്ത്യ **മിശ്ര സമ്പദ്‌വ്യവസ്ഥ** സ്വീകരിക്കുകയും വിഭവങ്ങളും മനുഷ്യവിഭവശേഷിയും ശാസ്ത്രീയമായി ഉപയോഗിക്കാൻ ആസൂത്രണം നടപ്പിലാക്കുകയും ചെയ്തു.

### History of Planning in India (ആസൂത്രണത്തിന്റെ ചരിത്രം)

Planning activities in India started even before independence. Key milestones include:

- **1934: M. Visvesvaraya** published the "Ten Year Plan." He is known as the **Father of Indian Economic Planning**.
- **1938:** National Planning Committee was formed under **Jawaharlal Nehru**.
- **1944: Bombay Plan** (by JRD Tata) and **Gandhian Plan** (by SN Agarwal).
- **1945: People's Plan** (by MN Roy).
- **1950:** The **Planning Commission** was established.
- **1951:** The first **Five-Year Plan** was launched. **P.C. Mahalanobis** is considered the architect of Five-Year Plans in India.

സ്വാതന്ത്ര്യത്തിന് മുൻപ് തന്നെ ഇന്ത്യയിൽ ആസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു:

- **1934: എം. വിശ്വേശരയ്യ** പത്ത് വർഷത്തെ പദ്ധതി അവതരിപ്പിച്ചു. ഇദ്ദേഹമാണ് **ഇന്ത്യൻ ആസൂത്രണത്തിന്റെ പിതാവ്**.
- **1938: ജവഹർലാൽ നെഹ്റുവിന്റെ** നേതൃത്വത്തിൽ നാഷണൽ പ്ലാനിംഗ് കമ്മിറ്റി രൂപീകരിച്ചു.
- **1944:** ബോംബെ പ്ലാൻ (ജെ.ആർ.ഡി ടാറ്റ), ഗാന്ധിയൻ പ്ലാൻ (എസ്.എൻ അഗർവാൾ).
- **1945:** പീപ്പിൾസ് പ്ലാൻ (എം.എൻ റോയ്).
- **1950: ആസൂത്രണ കമ്മീഷൻ** നിലവിൽ വന്നു.
- **1951:** ഒന്നാം **പഞ്ചവത്സര പദ്ധതി** ആരംഭിച്ചു. **പി.സി. മഹലനോബിസ്** ആണ് പഞ്ചവത്സര പദ്ധതികളുടെ ശില്പി.

## Objectives of Planning (ആസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ)

The four main objectives of Indian planning are:

1. **Growth:** An increase in the production of goods and services (GDP).
2. **Modernization:** Use of new technologies and ideas.
3. **Self-reliance:** Minimizing foreign dependence in economic activities.
4. **Equity:** Ensuring equality by providing basic needs to all and fair distribution of wealth.

ഇന്ത്യൻ ആസൂത്രണത്തിന്റെ നാല് പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

1. **വളർച്ച:** ഉല്പാദനം വർദ്ധിപ്പിക്കുക (GDP വർദ്ധനവ്).
2. **ആധുനികവൽക്കരണം:** പുതിയ സാങ്കേതികവിദ്യകളും ആശയങ്ങളും ഉപയോഗിക്കുക.
3. **സ്വയംപര്യാപ്തത:** സാമ്പത്തിക കാര്യങ്ങളിൽ വിദേശ രാജ്യങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുക.
4. **നീതി (Equity):** എല്ലാവർക്കും അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കുകയും സമ്പത്തിന്റെ തുല്യമായ വിതരണം സാധ്യമാക്കുകയും ചെയ്യുക.

The structure of the Planning Commission is given below:

- Chairman - Prime Minister
- Vice Chairman
- Nominated Members from the Central Cabinet

The planning process was implemented in India in 1951 through the Five-Year Plans.

ആസൂത്രണ കമ്മിഷന്റെ ഘടന ചുവടെ നൽകിയിരിക്കുന്നു.

- അധ്യക്ഷൻ – പ്രധാനമന്ത്രി
- ഉപാധ്യക്ഷൻ
- കേന്ദ്രകാബിനറ്റ് നിശ്ചയിക്കുന്ന അംഗങ്ങൾ

ആസൂത്രണ പ്രക്രിയ ഇന്ത്യയിൽ നടപ്പിലാക്കിയത് 1951 മുതൽ പഞ്ച വത്സര പദ്ധതികളിലൂടെയാണ്.

## NITI Aayog (നീതി ആയോഗ്)

NITI Aayog was established on **January 1, 2015**, replacing the 65-year-old Planning Commission. It serves as the apex public policy "Think Tank" of the Government of India, designed to promote sustainable development and enhance cooperative federalism.

65 വർഷം പഴക്കമുള്ള ആസൂത്രണ കമ്മീഷന് പകരമായി **2015 ജനുവരി 1**-നാണ് നീതി ആയോഗ് നിലവിൽ വന്നത്. കേന്ദ്ര സർക്കാരിന്റെ പ്രധാന 'തിങ്ക് ടാങ്ക്' (Think Tank) ആയി പ്രവർത്തിക്കുന്ന ഇത്, സുസ്ഥിര വികസനവും സഹകരണ ഫെഡറലിസവും പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിടുന്നു.

OXFORD

## Structure of NITI Aayog (ഘടന)

The structure is designed to ensure that State governments have a significant role in the national decision-making process.

- **Chairperson :** The **Prime Minister** of India.
- **Vice-Chairperson** Appointed by the Prime Minister. He/she enjoys the rank of a Cabinet Minister.
- **Chief Executive Officer - CEO:** Appointed by the Prime Minister for a fixed tenure (Rank of Secretary to the Government of India).
- **Governing Council :** Comprises the **Chief Ministers** of all States and **Lieutenant Governors** of Union Territories.
- **Full-time Members :** Experts in various fields.
- **Ex-officio Members:** Maximum of four members from the Union Council of Ministers, nominated by the Prime Minister.
- **Special Invitees:** Experts and specialists with relevant domain knowledge nominated by the Prime Minister.

**അധ്യക്ഷൻ** : ഇന്ത്യയുടെ പ്രധാനമന്ത്രിയാണ് നീതി ആയോഗിന്റെ അധ്യക്ഷൻ. നിലവിൽ നരേന്ദ്ര മോദിയാണ് ഈ സ്ഥാനം വഹിക്കുന്നത്.

**വൈസ് ചെയർമാൻ** : പ്രധാനമന്ത്രിയാണ് വൈസ് ചെയർമാനെ നിയമിക്കുന്നത്. ഇദ്ദേഹത്തിന് കേന്ദ്ര ക്യാബിനറ്റ് മന്ത്രിയുടെ പദവിയുണ്ടായിരിക്കും.

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ** : നീതി ആയോഗിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് CEO ആണ്. ഇദ്ദേഹത്തെയും പ്രധാനമന്ത്രിയാണ് നിശ്ചിത കാലയളവിലേക്ക് നിയമിക്കുന്നത്. ഇദ്ദേഹത്തിന് ഭാരത സർക്കാരിന്റെ സെക്രട്ടറി പദവിയുണ്ടാകും.

**ഗവേണിംഗ് കൗൺസിൽ** : നീതി ആയോഗിന്റെ ഏറ്റവും പ്രധാനപ്പെട്ട സമിതിയാണിത്. ഇതിൽ താഴെ പറയുന്നവർ അംഗങ്ങളാണ്:

- എല്ലാ സംസ്ഥാനങ്ങളിലെയും **മുഖ്യമന്ത്രിമാർ**.
- കേന്ദ്രഭരണ പ്രദേശങ്ങളിലെ **ലഫ്റ്റനന്റ് ഗവർണർമാർ**. (കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സഹകരണം ഉറപ്പാക്കുന്നത് ഈ സമിതിയാണ്).

**പൂർണ്ണസമയ അംഗങ്ങൾ** : വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള വിദഗ്ധരെ പൂർണ്ണസമയ അംഗങ്ങളായി പ്രധാനമന്ത്രി നിയമിക്കുന്നു.

**ഔദ്യോഗിക അംഗങ്ങൾ** : കേന്ദ്ര മന്ത്രിസഭയിൽ നിന്നുള്ള പരമാവധി നാല് മന്ത്രിമാരെ പ്രധാനമന്ത്രി ഈ സ്ഥാനത്തേക്ക് നിർദ്ദേശിക്കുന്നു.

**പ്രത്യേക ക്ഷണിതാക്കൾ** : പ്രത്യേക വിഷയങ്ങളിൽ അറിവുള്ള വിദഗ്ധരെയും ശാസ്ത്രജ്ഞരെയും പ്രധാനമന്ത്രി ഈ സമിതിയിലേക്ക് ക്ഷണിക്കുന്നു.

## Main Objectives of NITI Aayog (പ്രധാന ലക്ഷ്യങ്ങൾ)

1. **Cooperative Federalism:** To foster a spirit of partnership between the Center and the States, recognizing that "strong states make a strong nation."
2. **Bottom-Up Approach:** Unlike the Planning Commission's "Top-Down" approach, NITI Aayog focuses on developing mechanisms to formulate credible plans at the village level and aggregate these at higher levels of government.
3. **Sustainable Development:** To achieve Sustainable Development Goals (SDGs) and ensure that growth is inclusive and environmentally friendly.
4. **National Security:** To ensure that the interests of national security are incorporated in economic strategy and policy.
5. **Strategic & Long-term Policy:** To design strategic and long-term policy frameworks and monitor their progress.
6. **Innovation & Entrepreneurship:** To create a support system through a community of national and international experts and practitioners (e.g., Atal Innovation Mission).

1. **സഹകരണ ഫെഡറലിസം:** "ശക്തമായ സംസ്ഥാനങ്ങളാണ് ശക്തമായ രാഷ്ട്രത്തെ നിർമ്മിക്കുന്നത്" എന്ന കാഴ്ചപ്പാടിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള പങ്കാളിത്തം ഉറപ്പാക്കുക.
2. **താഴെത്തട്ടിലുള്ള ആസൂത്രണം (Bottom-Up Approach):** ഗ്രാമതലത്തിൽ വികസന പദ്ധതികൾ തയ്യാറാക്കി അവയെ ദേശീയതലത്തിലേക്ക് സംയോജിപ്പിക്കുക.

OXFORD

3. **സുസ്ഥിര വികസനം:** പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള സുസ്ഥിരമായ സാമ്പത്തിക വളർച്ചയും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനവും ഉറപ്പാക്കുക.
4. **ദേശീയ സുരക്ഷ:** സാമ്പത്തിക നയങ്ങൾ തയ്യാറാക്കുമ്പോൾ രാജ്യത്തിന്റെ സുരക്ഷാ താൽപ്പര്യങ്ങൾ കൂടി പരിഗണിക്കുക.
5. **ദീർഘകാല നയങ്ങൾ:** രാജ്യത്തിന്റെ വികസനത്തിനായി ദീർഘകാലാടിസ്ഥാനത്തിലുള്ള തന്ത്രപരമായ നയങ്ങൾ രൂപീകരിക്കുകയും അവയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുക.
6. **നവീകരണവും സംരംഭകത്വവും:** പുതിയ ആശയങ്ങളെയും സാങ്കേതികവിദ്യകളെയും പ്രോത്സാഹിപ്പിക്കുക.

## The **Economic Reforms of 1991 - 1991 ലെ സാമ്പത്തിക പരിഷ്കരണം**

The **Economic Reforms of 1991** marked a major turning point in India's history. Facing a severe financial crisis, India shifted from a controlled economy to a market-oriented one. This policy is famously known as the **LPG Policy** (Liberalization, Privatization, and Globalization).

ഇന്ത്യയുടെ ചരിത്രത്തിലെ ഒരു പ്രധാന വഴിത്തിരിവായിരുന്നു 1991-ലെ സാമ്പത്തിക പരിഷ്കാരങ്ങൾ. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടതിനെത്തുടർന്ന്, നിയന്ത്രിത സമ്പദ്‌വ്യവസ്ഥയിൽ നിന്ന് വിപണ്യാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിലേക്ക് ഇന്ത്യ മാറി. ഈ നയം **എൽ.പി.ജി (LPG)** നയം (**ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം**) എന്ന പേരിൽ പ്രശസ്തമാണ്.

## **Background: The 1991 Crisis (പശ്ചാത്തലം)**

**English:** By 1991, India faced a severe **Balance of Payments (BoP)** crisis. Foreign exchange reserves had dropped so low that they could only cover two weeks of imports. To solve this, the government, under Prime Minister P.V. Narasimha Rao and Finance Minister Dr. Manmohan Singh, introduced the New Economic Policy.

1991-ൽ ഇന്ത്യ വലിയൊരു സാമ്പത്തിക പ്രതിസന്ധി നേരിട്ടു. ഇറക്കുമതിക്കായി വിദേശ നാണയശേഖരം രണ്ടാഴ്ചത്തേക്ക് മാത്രമുള്ളതായി കുറഞ്ഞു. ഈ പ്രതിസന്ധി പരിഹരിക്കാൻ പ്രധാനമന്ത്രി പി.വി. നരസിംഹറാവുവും ധനമന്ത്രി ഡോ. മൻമോഹൻ സിംഗും ചേർന്ന് പുതിയ സാമ്പത്തിക നയം അവതരിപ്പിച്ചു.

## **The following are the important factors that led India to the Economic Reforms of 1991.**

- The economic crisis in India caused by a high fiscal deficit and a decline in foreign exchange reserves
- Inefficiency of the public sector
- Changes in the world market. Arguments in favour of the free market
- The economic crisis caused by the 1990 gulf war
- Economic growth in East Asian countries through industrialization and liberalization
- The conditions imposed by the World Bank and IMF.

**1991 ലെ സാമ്പത്തിക പരിഷ്കരണത്തിലേക്ക് ഇന്ത്യയ നയിച്ച സാഹചര്യങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ നൽകിയിരിക്കുന്നു.**

- ഉയർന്ന ധനകമ്മിയും വിദേശനാണ്യ കരുതൽശേഖരത്തിലുണ്ടായ കുറവും സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി.
- പൊതുമേഖലയുടെകാര്യക്ഷമതക്കുറവ്.
- ലോകകമ്പോളത്തിൽ വന്നമാറ്റം, സ്വതന്ത്രവിപണിക്കനുകൂലമായ വാദഗതികൾ.
- 1990 ലെ ഗൾഫയുദ്ധം സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി.
- വ്യവസായവൽക്കരണത്തിലൂടെയും ഉദാരവൽക്കരണത്തിലൂടെയും പൂർവേഷ്യൻ രാജ്യങ്ങൾക്കുണ്ടായ സാമ്പത്തിക വളർച്ച
- ലോകബാങ്കിന്റെയും IMF ന്റയും നിബന്ധനകൾ

## **Main Goal of Reforms**

- To liberalize the Indian economy and open it to the world economy
- To deregulate the private sector
- To reduce the government regulation in various sectors

- To remove the trade restrictions with foreign countries.

**ഈ പരിഷ്കരണങ്ങളുടെ പ്രധാനലക്ഷ്യം**

- ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ഉദാരവൽക്കരിക്കുകയും ലോക സമ്പദ്‌വ്യവസ്ഥയ്ക്ക് തുറന്നുകൊടുക്കുകയും ചെയ്യുക.
- സ്വകാര്യമേഖലയ്ക്കുള്ള നിയന്ത്രണങ്ങൾ മാറ്റുക.
- വിവിധ മേഖലകളിലെ ഗവൺമെന്റ് നിയന്ത്രണങ്ങൾ കുറയ്ക്കുക.
- വിദേശ രാജ്യങ്ങളുമായുള്ള വ്യാപാര നിയന്ത്രണങ്ങൾ നീക്കം ചെയ്യുക

# The LPG Policy (LPG നയം)

## A. Liberalization (ഉദാരവൽക്കരണം)

Removing government restrictions and regulations on industries. It replaced the old **LPQ system** (License, Permit, Quota).

- Abolition of industrial licensing for most industries.
- Freedom for business expansion and fixing prices.

വ്യവസായങ്ങൾക്കും കച്ചവടത്തിനുമുള്ള സർക്കാർ നിയന്ത്രണങ്ങൾ ഒഴിവാക്കുന്ന രീതിയാണിത്. പഴയ 'ലൈസൻസ് രാജ്' അവസാനിപ്പിക്കുകയും വ്യവസായങ്ങൾ തുടങ്ങുന്നത് എളുപ്പമാക്കുകയും ചെയ്തു.

## B. Privatization (സ്വകാര്യവൽക്കരണം)

Increasing the role of the private sector in the economy. This involves **Disinvestment**, where the government sells its shares in Public Sector Undertakings (PSUs) to private individuals or companies.

സാമ്പത്തിക മേഖലയിൽ സ്വകാര്യ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ സ്വകാര്യ വ്യക്തികൾക്കോ കമ്പനികൾക്കോ വിൽക്കുന്നതിനെ 'ഓഹരി വിറ്റഴിക്കൽ' (Disinvestment) എന്ന് വിളിക്കുന്നു.

## C. Globalization (ആഗോളവൽക്കരണം)

Integrating the Indian economy with the world economy. It allows for the free flow of goods, services, capital, and technology across borders.

- Reduction of import duties (Taxes).
- Encouraging Foreign Direct Investment (FDI).

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ലോക സമ്പദ്‌വ്യവസ്ഥയുമായി കൂട്ടിച്ചേർക്കുന്ന രീതിയാണിത്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങളും സാങ്കേതികവിദ്യയും ഇന്ത്യയിലേക്ക് വരുന്നത് ഇത് എളുപ്പമാക്കി.

# Impacts of the Reforms (പരിഷ്കാരങ്ങളുടെ ഫലങ്ങൾ)

| **Positive Impacts (ഗുണങ്ങൾ)** | **Negative Impacts (ദോഷങ്ങൾ)** |
|---|---|
| Increased GDP growth rate. (സാമ്പത്തിക വളർച്ച കൂടി). | Small-scale industries faced heavy competition. (ചെറുകിട വ്യവസായങ്ങൾ തകർന്നു). |
| Rise in Foreign Exchange Reserves. (വിദേശ നാണയശേഖരം വർദ്ധിച്ചു). | Agriculture sector was neglected. (കാർഷിക മേഖല അവഗണിക്കപ്പെട്ടു). |
| Better quality products at lower prices. (ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ലഭ്യമായി). | Increase in economic inequality (Rich-Poor gap). (സാമ്പത്തിക അസമത്വം കൂടി). |

## Driving Forces of Economic Growth (സാമ്പത്തിക വളർച്ചയുടെ ചാലകശക്തികൾ)

- Inventions, mechanization, and the spread of modern technology have played a vital role in accelerating economic growth.
- The transition from manual labor to machine-based production began with the **Industrial Revolution**, triggered by the invention of the steam engine.
- Today, the world is moving toward the **Fifth Industrial Revolution**, characterized by human-centric digital technologies.

  കണ്ടുപിടുത്തങ്ങൾ, യന്ത്രവൽക്കരണം, ആധുനിക സാങ്കേതികവിദ്യയുടെ വ്യാപനം എന്നിവ സാമ്പത്തിക വളർച്ചയെ വേഗത്തിലാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു

  നീരാവി യന്ത്രത്തിന്റെ (Steam Engine) കണ്ടുപിടുത്തത്തോടെ ആരംഭിച്ച **വ്യവസായ വിപ്ലവം** ഉല്പാദന രീതികളിൽ വലിയ മാറ്റങ്ങൾ വരുത്തി

  ഇന്ന് ലോകം **അഞ്ചാം വ്യവസായ വിപ്ലവത്തിന്റെ** പടിവാതിൽക്കലാണ്.

## Evolution of Industrial Revolutions (വ്യവസായ വിപ്ലവങ്ങളുടെ പരിണാമം)

The world has passed through various stages of industrial transformation. The features of each stage are given below:

| **Stage (ഘട്ടം)** | **Driving Force (പ്രധാന ശക്തി)** | **Key Features (പ്രധാന സവിശേഷതകൾ)** |
|---|---|---|
| **First (ഒന്ന്)** | **Steam Engine** (നീരാവി യന്ത്രം) | Emergence of the factory system; changes in production and transportation. (ഫാക്ടറി സമ്പ്രദായത്തിന്റെ തുടക്കം). |
| **Second (രണ്ട്)** | **Electricity** (വൈദ്യുതി) | Use of electricity instead of steam; expansion of production and distribution. (ഉല്പാദനത്തിലും വിതരണത്തിലും വൈദ്യുതിയുടെ ഉപയോഗം). |
| **Third (മൂന്ന്)** | **Electronics & Automation** (ഇലക്ട്രോണിക്സ്) | Use of robotics and automation in factories. (ഫാക്ടറികളിൽ റോബോട്ടിക്സും ഓട്ടോമേഷനും ഉപയോഗിച്ചു തുടങ്ങി). |
| **Fourth (നാല്)** | **Advanced Technologies** (നൂതന സാങ്കേതികവിദ്യ) | Internet of Things (IoT), Big Data Analytics, Cloud Computing, and Nanotechnology. (ഡാറ്റ അനലിറ്റിക്സും ക്ലൗഡ് കമ്പ്യൂട്ടിംഗും). |
| **Fifth (അഞ്ച്)** | **Human-centric AI** (എ.ഐ - AI) | Sustainable productivity through AI, IoT, and Robotics with a human-centric approach. (എ.ഐ ഉപയോഗിച്ചുള്ള സ്മാർട്ട് ഫാക്ടറികൾ). |

## Knowledge Economy (വിജ്ഞാന സമ്പദ്‌വ്യവസ്ഥ)

- A Knowledge Economy is an economic system that thrives by incorporating innovative ideas in the production, distribution, and use of knowledge and information.

  അറിവിൻറെയും വിവരങ്ങളുടെയും ഉല്പാദനം, വിതരണം, ഉപയോഗം എന്നിവയിൽ നൂതനമായ ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വളരുന്ന ഒരു സാമ്പത്തിക വ്യവസ്ഥയാണിത്.

**Impact on Various Sectors (വിവിധ മേഖലകളിലെ സ്വാധീനം)**

**1. Agriculture: Agri-Tech (കൃഷി)**

- **Smart Farming:** Traditional farming is transforming into a more profitable and efficient one.
- **Technology Use:** Sensors and drones are used to decide when to water or fertilize.
- **Benefits:** Reduced costs, improved yields, and direct sales through online platforms lead to higher income for farmers.

വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ പുതിയ യുഗം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലും മാറ്റങ്ങൾ കൊണ്ടുവരുന്നു. വിവിധ മേഖലകളിൽ നിന്നുള്ള ചില ഉദാഹരണങ്ങൾ നോക്കാം:

**മേഖല: കൃഷി (Agri-Tech)**

- പുതിയ സാങ്കേതികവിദ്യകൾ ഇന്ത്യയിലെ കൃഷിയെ പരമ്പരാഗത രീതിയിൽ നിന്ന് കൂടുതൽ ലാഭകരവും കാര്യക്ഷമവുമായ (സ്മാർട്ട്) ഒന്നായി മാറ്റുന്നു.

- എപ്പോൾ നനയ്ക്കണം, വളം നൽകണം തുടങ്ങിയ കാര്യങ്ങൾ സെൻസറുകളുടെയും ഡ്രോണുകളുടെയും സഹായത്തോടെയാണ് ചെയ്യുന്നത്.
- ഇത് ചിലവ് കുറയ്ക്കാനും ഉല്പാദനം മെച്ചപ്പെടുത്താനും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി നേരിട്ടുള്ള വിൽപ്പനയിലൂടെ കർഷകർക്ക് ഉയർന്ന വരുമാനം നേടാനും പ്രാപ്തമാക്കി

**2. Industry: Industry 4.0 (വ്യവസായം)**

- **Method:** Uses computers, automation, and the Internet to connect factories.
- **Benefits:** Increased production, quality products, and less wastage.
- **Jobs:** Creates highly diversified jobs.
- **Major Project: Make in India** aims to lead economic growth through these advancements.

**വ്യവസായം (Industry 4.0)**

- കമ്പ്യൂട്ടറുകൾ, ഓട്ടോമേഷൻ (യന്ത്രങ്ങൾ തനിയെ പ്രവർത്തിക്കുന്ന രീതി), ഇന്റർനെറ്റ് എന്നിവ ഉപയോഗിച്ച് ഫാക്ടറികളെ ബന്ധിപ്പിക്കുകയും അവയെ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുന്ന ഒരു ഉല്പാദന രീതിയാണ് ഇൻഡസ്ട്രി 4.0.
- ഇത് വ്യവസായ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പാഴാകൽ (Wastage) കുറയ്ക്കുന്നതിനും ഇടയാക്കുന്നു. ഈ മാറ്റം വൈവിധ്യമാർന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സാമ്പത്തിക വളർച്ചയിലേക്ക് നയിക്കുകയും ചെയ്യും.
- '**മേയ്ക്ക് ഇൻ ഇന്ത്യ**' **(MAKE IN INDIA)** പോലുള്ള പദ്ധതികളിലൂടെ സാമ്പത്തിക വളർച്ചയ്ക്ക് നേതൃത്വം നൽകാൻ ഇന്ത്യ ലക്ഷ്യമിടുന്നു.

**3. Service Sectors: Tech Advancements (സേവന മേഖല)**

The Knowledge Economy has introduced technology-based advancements in various service sectors:

- **Edu-Tech:** Innovative ways to utilize technology in education using Robotics, AI, and IoT.
- **Health-Tech:** Use of Telemedicine and Digital Health Platforms for better healthcare.
- **Green-Tech:** Focus on Renewable Energy and Electric Vehicles (EV) for a sustainable future.
- **AVGC-XR Sector:** Growth in Animation, Visual Effects, Gaming, Comics, and Extended Reality.

**സേവന മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ (Service Sectors)**

- **എഡ്യൂ-ടെക് (Edu-Tech):** വിദ്യാഭ്യാസത്തിൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള നൂതന വഴികൾ. (റൊബോട്ടിക്സ്, എ.ഐ, ഐ.ഒ.ടി തുടങ്ങിയവ).
- **ഹെൽത്ത്-ടെക് (Health-Tech):** ടെലിമെഡിസിൻ, ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ്ഫോമുകൾ.
- **ഗ്രീൻ-ടെക് (Green-Tech):** പുനരുപയോഗ ഊർജ്ജം, ഇലക്ട്രിക് വാഹനങ്ങൾ.
- **AVGC-XR മേഖല:** ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ്, എക്സ്റ്റെൻഡഡ് റിയാലിറ്റി.

## Kerala and Knowledge Economy | കേരളവും വിജ്ഞാന സമ്പദ്‌വ്യവസ്ഥയും

- A Knowledge Economy is a system where the production and use of knowledge are the primary drivers of economic growth. Kerala aims to transform into a "Knowledge Society" by utilizing its high social development.

  അറിവിൻ്റെയും വിവരങ്ങളുടെയും ഉല്പാദനവും ഉപയോഗവും സാമ്പത്തിക വളർച്ചയുടെ പ്രധാന ചാലകശക്തിയാകുന്ന വ്യവസ്ഥിതിയാണിത്. കേരളത്തിന്റെ ഉയർന്ന സാമൂഹിക വികസനം പ്രയോജനപ്പെടുത്തി ഒരു 'വിജ്ഞാന സമൂഹമായി' മാറാനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.

### Key Agencies & Projects (പ്രധാന ഏജൻസികളും പദ്ധതികളും)

- **K-DISC (Kerala Development and Innovation Strategic Council):**
  - It is the strategic council that prepares plans and promotes innovations for the transition to a knowledge economy.

  - വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മാറ്റത്തിന് തന്ത്രപരമായ പദ്ധതികൾ തയ്യാറാക്കുന്നതും നവീകരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും ഈ സമിതിയാണ്.

- **Digital University (ഡിജിറ്റൽ സർവ്വകലാശാല):**
  - India's first Digital University was established in Kerala to provide specialized training and research in modern technologies like AI and Blockchain.
  - ആധുനിക സാങ്കേതിക വിദ്യകളിൽ ഗവേഷണവും വിദഗ്ദ്ധ പരിശീലനവും നൽകുന്നതിനായി ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സർവ്വകലാശാല കേരളത്തിൽ സ്ഥാപിച്ചു.
- **Knowledge Economy Mission (വിജ്ഞാന സമ്പദ്‌വ്യവസ്ഥ മിഷൻ):**
  - A mission aimed at providing 20 lakh knowledge-based jobs to educated youths within five years.
  - അഭ്യസ്തവിദ്യരായ 20 ലക്ഷം പേർക്ക് അറിവ് അടിസ്ഥാനമാക്കിയുള്ള തൊഴിലുകൾ നൽകുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം.

## Nava Kerala Mission - 2 (നവകേരള മിഷൻ - 2)

- Under this mission, the government focuses on solving "second-generation development problems" and transforming Kerala into a knowledge society to create modern employment opportunities.

  നവകേരള മിഷൻ-2 വിന്റെ ഭാഗമായി കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റാൻ ശ്രമിക്കുന്നു. ഇത് രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ പരിഹരിക്കാനും ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു.

OXFORD